# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 11 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

*www.sabarimala.kerala.gov.in, prdsabarimala2020@gmail.com*

---

### മണ്ണിടിച്ചിൽ സാധ്യത: മകരജ്യോതി ദർശിക്കുന്നതിന് ഹിൽടോപ്പിലേക്ക് പ്രവേശിക്കുന്നത് നിരോധിച്ചു

മണ്ണിടിച്ചിൽ സാധ്യത കണക്കിലെടുത്ത് മകരജ്യോതി ദർശനം നടത്തുന്നതിന് തീർഥാടകർ പമ്പയിലെ ഹിൽടോപ്പിലേക്ക് പ്രവേശിക്കുന്നത് നിരോധിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി.

ഹിൽടോപ്പിൽ മണ്ണിടിച്ചിൽ സാധ്യതയുണ്ടെന്ന പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ജി. ജയദേവിന്റെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് എൻഎസ്കെ ഉമേഷിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നിരോധനം.

തീർഥാടകർ ഹിൽടോപ്പിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് ദേവസ്വം ബോർഡ് അടിയന്തിരമായി ബാരിക്കേഡുകൾ നിർമിക്കണമെന്നും ജില്ലാ പോലീസ് മേധാവി ആവശ്യമായ പോലീസുകാരെ നിയോഗിക്കണമെന്നും ഉത്തരവിൽ നിർദേശമുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് ഏകോപിപ്പിക്കും.

2018 ഓഗസ്റ്റിലെ പ്രളയത്തെ തുടർന്ന് പമ്പയിൽ വലിയ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. ഇതേ തുടർന്ന് പമ്പയിൽ പ്രവർത്തിച്ചിരുന്ന ബേസ് ക്യാമ്പ് സംസ്ഥാന സർക്കാർ അടിയന്തിര ഇടപെടൽ നടത്തി ഫലപ്രദമായി നിലയ്ക്കലേക്കു മാറ്റിയിരുന്നു. മണ്ണിടിച്ചിൽ സാധ്യതയുള്ളതിനാൽ കഴിഞ്ഞ വർഷവും മകരജ്യോതി ദർശിക്കുന്നതിന് തീർഥാടകർ ഹിൽടോപ്പിലേക്ക് പ്രവേശിക്കുന്നത് നിരോധിച്ചിരുന്നു.

**(പി.ആർ. ശബരി-331)**

## തിരുവാഭരണ ഘോഷയാത്ര ജനുവരി 13-ന്

മകരസംക്രമ സന്ധ്യയിൽ ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ ജനുവരി 13-ന് പന്തളത്തുനിന്നും ഘോഷയാത്രയായി ശബരിമലയിലേക്കു കൊണ്ടുപോകും. പതിനഞ്ചിനാണ് മകരവിളക്ക്. പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുവാഭരണങ്ങളാണ് ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള 25 അംഗങ്ങൾ ശിരസിലേറ്റി കാൽനടയായി ശബരിമലയിൽ എത്തിക്കുന്നത്.

പന്തളം വലിയതമ്പുരാൻ പി.രാമവർമ്മരാജയുടെ പ്രതിനിധിയായി പ്രദീപ് കുമാർ വർമ്മയാണ് ഇത്തവണ ഘോഷയാത്രയെ നയിക്കുന്നത്. ജനുവരി 13-ന് പുലർച്ചെ 4.30ന് ആഭരണങ്ങൾ കൊട്ടാരത്തിൽ നിന്ന് വലിയകോയിക്കൽ ധർമ്മശാസ്താ ക്ഷേത്രത്തിലേക്ക് എഴുന്നെള്ളിക്കും. ഉച്ചയ്ക്ക് 12 വരെ ഭക്തർക്ക് ആഭരണങ്ങൾ ദർശിക്കാനുള്ള സൗകര്യമുണ്ടാകും. അതിനുശേഷമാണ് ക്ഷേത്രത്തിൽ ആചാരപരമായ ചടങ്ങുകൾ നടക്കുന്നത്. 12.55-ന് രാജപ്രതിനിധി ക്ഷേത്രത്തിൽ നിന്നും പുറത്തിറങ്ങി പല്ലക്കിലേറി യാത്രതിരിക്കും. ഒരുമണിക്ക് തിരുവാഭരണങ്ങൾ ശിരസിലേറ്റി ഘോഷയാത്ര പുറപ്പെടും.

പരമ്പരാഗത തിരുവാഭരണ പാതയിലൂടെ കുളനട, ഉള്ളന്നൂർ, ആറന്മുള വഴി അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തുന്ന സംഘം ആദ്യദിവസം അവിടെ വിശ്രമിക്കും. രണ്ടാം ദിവസം പെരുനാട് വഴി ളാഹ വനംവകുപ്പ് സത്രത്തിലെത്തുന്ന ഘോഷയാത്രാസംഘം അവിടെ കഴിയും. മൂന്നാം ദിവസമാണ് കാനനപാതയിലൂടെ ഘോഷയാത്ര കടന്നുപോകുന്നത്. പ്ലാപ്പള്ളിയിൽ നിന്നും അട്ടത്തോട് വഴി വലിയാനവട്ടവും ചെറിയാനവട്ടവും കടന്ന് വൈകുന്നേരത്തോടെ സംഘം ശബരിമലയിലെത്തിച്ചേരും. തിരുവാഭരണങ്ങൾ ശബരീശവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തുമ്പോൾ പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും.

ഘോഷയാത്രയ്ക്കൊപ്പം യാത്രതിരിക്കുന്ന രാജാവ് പമ്പയിലെത്തി ഭക്തർക്ക് ഭസ്മം നൽകി അനുഗ്രഹിക്കും. മൂന്നാം ദിവസം മലകയറുന്ന രാജാവ് ശബരിമലയിൽ നടക്കുന്ന കളഭവും മാളികപ്പുറത്ത് നടക്കുന്ന കുരുതിയും കഴിഞ്ഞാണ് ശബരിമല നടയടച്ച് ആഭരണങ്ങളുമായി പന്തളത്തേക്ക് മടങ്ങുന്നത്.

**(പി.ആർ. ശബരി-332)**

## തിരുവാഭരണ ഘോഷയാത്ര: ഏകോപനത്തിനായി നോഡൽ ഓഫീസറെ നിയോഗിച്ചു

തിരുവാഭരണ ഘോഷയാത്രയോട് അനുബന്ധിച്ച് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏകോപനം നിർവഹിക്കുന്നതിനായി തിരുവല്ല ഭൂരേഖ തഹസിൽദാർ കെ. ശ്രീകുമാറിനെ നിയോഗിച്ച് ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവായി. ജില്ലാ ഭരണകൂടത്തെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെയും പ്രതിനിധീകരിച്ച് തിരുവാഭരണ ഘോഷയാത്രയ്ക്ക് അകമ്പടി സേവിക്കുന്നതിന് കളക്ടറേറ്റിലെ ഭൂപരിഷ്കരണ വിഭാഗം ജൂനിയർ സൂപ്രണ്ട് എസ്. സജീവ്, റാന്നി ഡെപ്യൂട്ടി തഹസീൽദാർ എം.കെ. അജികുമാർ, കളക്ടറേറ്റിലെ സീനിയർ ക്ലാർക്ക് ആർ. അഭിലാഷ്, അടൂർ താലൂക്കിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ഹരിഹരൻ ആർ പിള്ള എന്നിവരെയും നിയോഗിച്ചു.

**(പി.ആർ. ശബരി-333)**

## പമ്പയിലെ ഹോട്ടലുകളിലും സന്നിധാനത്തെ കച്ചവട സ്ഥാപന ങ്ങളിലും പരിശോധന; 2.31ലക്ഷം പിഴ ഈടാക്കി

പമ്പ ത്രിവേണി, കെ.എസ്.ആർ.ടി.സി ഭാഗങ്ങളിലെ ഹോട്ടലുകളിലും സന്നിധാനത്തും ഡ്യൂട്ടി മജിസ്ട്രേറ്റ്മാരുടെയും എക്സിക്യൂട്ടിവ് മജിസ്ട്രേറ്റിന്റെയും നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തി വിവിധ നിയമലംഘനങ്ങൾക്ക് 2,31000 രൂപയുടെ പിഴ ഈടാക്കി. പമ്പയിലെ പരിശോധനയിൽ ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ പിടിച്ചെ ടുത്തു. ചീഞ്ഞ മുന്തിരി, ഓറഞ്ച്, പച്ചക്കറികൾ എന്നിവ പിടിച്ചെടുത്ത് പിഴ ഈടാക്കി ന ശിപ്പിച്ചു. കൂടാതെ വൃത്തിഹീനമായ സാഹചര്യങ്ങളിൽ പാചകം ചെയ്യുന്നത് വിലക്കിയി ട്ടുണ്ട്.ഹെൽത്ത് കാർഡ് ഇല്ലാത്ത ജീവനക്കാരെയും കണ്ടെത്തി. ഗുരുതരമായ വീഴ്ച കൾക്കെതിരെ നിയമ നടപടി തുടരും.കഴിഞ്ഞ മൂന്നുദിവസങ്ങളായി പമ്പയിലും പരിസ രത്തും നടത്തിയ പരിശോധനയിൽ വിവിധ കച്ചവടസ്ഥാപനങ്ങളിൽ നിന്നാണ് 103000 രൂപയുടെ പിഴ ഈടാക്കിയത്. ശുദ്ധമായ ഭക്ഷണം തീർത്ഥാടകർക്ക് നൽകുന്നതിന് വ്യ ക്തമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പമ്പയിൽ ഡ്യൂട്ടി മജിസ്ട്രേറ്റ് വി.ആർ.വിനോദി ന്റെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പി.ആർ.ഷൈനിന്റെയും നേതൃത്വത്തിലായിരുന്നു പരിശോധന.

സന്നിധാനത്ത് ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ മൂന്ന് സ്ക്വാഡുകളിലായി കട കളിലും ഹോട്ടലുകളിലും പരിശോധന നടത്തി. കൂടാതെ അമിതവില ഈടാക്കുന്നു ണ്ടോയെന്നും അനധികൃതമായ പ്രവർത്തനങ്ങൾ സന്നിധാനത്ത് നടക്കുന്നുണ്ടോ യെന്നും സസൂഷ്മം നിരീക്ഷിച്ചുവരുന്നു. ജനുവരി ഏഴ് മുതൽ പത്തുവരെയുള്ള കാല യളവിൽ സന്നിധാനത്ത് അമിതവില ഈടാക്കിയതിനും മറ്റ് ഇതര നിയമലംഘനങ്ങൾ നടത്തിയതിനുമായി 21 കടകളിൽനിന്നും 1,2,8000 രൂപ പിഴ ഈടാക്കി. അനധികൃതമാ യി പ്രവർത്തിച്ച കൊപ്രാക്കളത്തിന് സമീപം ഉണ്ടായിരുന്ന ഹോട്ടൽ ഡ്യൂട്ടി മജിസ്ട്രേറ്റി ന്റെ നേതൃത്വത്തിൽ പൂട്ടിയിട്ടുണ്ട്. സന്നിധാനത്ത് ഡ്യൂട്ടി മജിസ്ട്രേറ്റ് വി.ജയമോഹന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

**(പി.ആർ. ശബരി-334)**

***ചിത്രവിവരണം***
പമ്പയിൽ നിന്ന് പിടിച്ചെടുത്ത പഴകിയ ഭക്ഷണ സാധനങ്ങളും പച്ചക്കറികളും

## പ്രതിരോധമരുന്നുകൾ വിതരണം ചെയ്ത് ഹോമിയോപ്പതി വകു പ്പ്

ശബരിമല സന്നിധാനത്തും പമ്പയിലും പ്രവർത്തിക്കുന്ന സർക്കാർ ഹോമിയോ ആശു പത്രികളിൽ സാംക്രമിക രോഗങ്ങൾക്ക് ഫലപ്രദമായ ചികിൽസയും പ്രതിരോധ മരുന്നു കളും ലഭ്യമാണ്. ചീഫ് മെഡിക്കൽ ഓഫീസർ ഡോ. മോഹൻദാസ്, മെഡിക്കൽ ഓഫീ സർ ഡോ. സിബി രവീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ 14 അംഗ മെഡിക്കൽ സം ഘം സന്നിധാനത്തും പമ്പയിലും ക്യാംപ് ചെയ്യുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കു ന്ന ആശുപത്രികളിൽ ദിവസവും നൂറുകണക്കിന് തീർഥാടകർ ചികിൽസ തേടിയെ ത്തുന്നു. ഈ തീർഥാടന കാലയളവിൽ 5,000ലധികം പേർക്ക് വകുപ്പ് നിർദേശപ്രകാരം ചിക്കൻപോക്സ്, പകർച്ചപ്പനി എന്നിവയ്ക്കുള്ള പ്രതിരോധമരുന്നുകൾ വിതരണം ചെ

യ്തു.

തീർഥാടന കാലയളവിലേയ്ക്ക് ആവശ്യമായ മരുന്നുകളും പ്രതിരോധ മരുന്നുകളും സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കാല് വേദന, നടുവേദന, പനി, ജലദോഷം, തൊണ്ടവേദന, ചുമ, അലർജി, കാലാവസ്ഥാ രോഗങ്ങൾ തുടങ്ങി തീർഥാടകരിൽ സാധാരണ കണ്ടുവരുന്ന അസുഖങ്ങൾക്ക് പുറമെ പഴകിയ രോഗങ്ങൾക്കും ആശുപത്രിയിൽ ചികിൽസ ലഭ്യമാണ്. കഫക്കെട്ടും ശ്വാസംമുട്ടലും അനുഭവപ്പെടുന്ന രോഗികൾക്ക് നെബുലൈസേഷൻ സൗകര്യവും ഹോമിയോ ആശുപത്രികളിൽ ക്രമീകരിച്ചിട്ടുണ്ട്.

**(പി.ആർ. ശബരി –335)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 11 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

*www.sabarimala.kerala.gov.in, prdsabarimala2020@gmail.com*

---

## ദേവസ്വം ബോർഡ് ജീവനക്കാരന്റെ ഗാനാർച്ചന

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുണ്ടക്കയം ഗ്രൂപ്പിലെ തിടനാട് ദേവസ്വത്തിലെ ജീവനക്കാരൻ ഐ.എസ്. രാജു ശനിയാഴ്ച വലിയ നടപ്പന്തലിലെ ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ഗാനാർച്ചന നടത്തി. ഇദ്ദേഹം റാസ് കമ്മ്യൂണിക്കേഷൻസ് കാഞ്ഞിരപ്പള്ളി എന്ന പേരിലുള്ള ട്രൂപ്പിലെ അംഗവും കാഞ്ഞിരപ്പള്ളി സ്വദേശിയുമാണ്. സാബു തിടനാടും ഇദ്ദേഹത്തോടൊപ്പം ഗാനാർച്ചനയിൽ പങ്കെടുത്തു.

**(പി.ആർ. ശബരി-336)**

## അയ്യപ്പഭക്തർ മരിച്ചു

കർണാടക ഉത്തരകന്നഡ സ്വദേശി ലക്ഷ്മൺ മഹാബലേശ്വർ നായിക്(66) നിലയ്ക്കലിൽ മരിച്ചു. ശനിയാഴ്ച  രാവിലെയായിരുന്നു മരണം. നിലയ്ക്കൽ പി.എച്ച്.സിയിൽ എത്തിച്ച മൃതദേഹത്തിന്റെ തുടർ നടപടികൾ സ്വീകരിച്ചു. തമിഴ്നാട് കെ പുതൂർ മധുര അലഗനഗർ ഒന്നാം സ്ട്രീറ്റിൽ ജയരാമൻ(66) പമ്പാ ഭാഗത്താണ് മരിച്ചത്. ശനിയാഴ്ച ഉച്ചയ്ക്കായിരുന്നു സംഭവം. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് അയച്ച് മേൽനടപടികൾ സ്വീകരിച്ചു.

**(പി.ആർ. ശബരി-337)**

## ശബരിമല നാളത്തെ(12-01-2020)ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ 2.45 ന് | പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| 3.15 മുതൽ 7 മണി വരെ | നെയ്യഭിഷേകം |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |
| 8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും | |
| 11.45ന് | കലശാഭിഷേകം |
| 12 മണിക്ക് | കളഭാഭിഷേകം |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | നട അടയ്ക്കും |
| വൈകിട്ട് 4 മണിക്ക് | തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 7 മണിക്ക് | പുഷ്പാഭിഷേകം |
| 9.30 ന് | അത്താഴപൂജ |

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 11 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

## മകരവിളക്ക് ദർശനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി; മകരവിളക്ക് ദിനത്തിലെ പൂജാ ചടങ്ങുകൾ

ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെ മകരവിളക്ക് ഉത്സവത്തിന് ഇനി നാലുനാൾ. ജനുവരി 15ന് വൈകുന്നേരം 6.45 ന് പൊന്നമ്പലമേട്ടിൽ മകരവിളക്കും ആകാശത്ത് മകരജ്യോതിയും തെളിയും. മകരസംക്രമ പൂജ നടക്കുന്നത് ജനുവരി 15ന് പുലർച്ചെ 2.09 ന് ആണ്. പൂജ കഴിഞ്ഞ് 2.30 ന് ഹരിവരാസനം പാടി ക്ഷേത്രനട അടയ്ക്കും. പിന്നീട് 4 മണിക്ക് വീണ്ടും തുറക്കും. ഭക്തർക്ക് പൊന്നമ്പലമേട്ടിലെ മകരവിളക്ക് ദർശിക്കാൻ തെരെഞ്ഞെടുത്ത കേന്ദ്രങ്ങളിൽ എല്ലാ ക്രമീകരണങ്ങളും അവസാന ഘട്ടത്തിലാണ്.

ജനുവരി 14ന് ചൊവ്വാഴ്ച

രാവിലെ 3.00 ന് നടതുറക്കൽ

3.05 ന് നിർമ്മാല്യദർശനം,അഭിഷേകം

3 .15 മുതൽ 7 മണിവരെ നെയ്യഭിഷേകം

3.30 ന് ഗണപതിഹോമം.

തുടർന്ന് ശ്രീകോവിലിനു പുറത്ത് ബിംബശുദ്ധിപൂജയും ,കലശപൂജയും നടക്കും.

7.30 ന് ഉഷപൂജ ,ശേഷം ബിംബശുദ്ധി ,കലശാഭിഷേകം .

തുടർന്ന് 11 മണി വരെ നെയ്യഭിഷേകം ഉണ്ടാകും.

11 .30 ന് ഇരുപത്തിയഞ്ച് കലശാഭിഷേകം .

12.00 മണിക്ക് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ ...
1 മണിക്ക് ക്ഷേത്രതിരുനട അടക്കും.
വൈകുന്നേരം 4.00 ന് നടതുറക്കും (നട തുറന്നാൽ പിന്നീട് മകരസംക്രമ പൂജ പൂർത്തിയാക്കി, അതായത് ജനുവരി 15ന് പുലർച്ചെ 2.30 ന് മാത്രമേ നട അടക്കുകയുള്ളു). 14 ന് വൈകുന്നേരം
6.30 ന് ദീപാരാധന .
7.00 ന് പുഷ്പാഭിഷേകം .
9.30 ന് അത്താഴപൂജ (അത്താഴപൂജ കഴിഞ്ഞാൽ നട അടക്കില്ല)
തുടർന്ന് 15.01.2020 ന് പുലർച്ചെ 2.09 ന് മകരസംക്രമപൂജ.
പൂജപൂർത്തിയാക്കി 2.30 ന് ഹരിവരാസനം പാടി ക്ഷേത്ര ശ്രീകോവിൽ നട അടക്കും.

ജനുവരി 15 ബുധനാഴ്ച മകരവിളക്ക് ദിനം പുലർച്ചെ 2.09 നു മകരസംക്രമപൂജ.
2.30 ന് സംക്രമ പൂജയും സംക്രമാഭിഷേകവും പൂർത്തിയാക്കി ഹരിവരാസനം പാടി ശ്രീകോവിൽ തിരു നട അടക്കും. തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽ നിന്ന് പ്രത്യേക ദൂതൻ വഴി കൊണ്ടുവരുന്ന നെയ്യ് ഉപയോഗിച്ചാണ് സംക്രമാഭിഷേകം.
പുലർച്ചെ 4.00 മണിക്ക് നട വീണ്ടും തുറക്കും.
തുടർന്ന് നിർമ്മാല്യദർശനവും,അഭിഷേകവും
4.15 മുതൽ 7.00 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ. 8മുതൽ 11.00 മണി വരെ നെയ്യഭിഷേകം .
11.30 ന് കലശാഭിഷേകം .
ഉച്ചപൂജ കഴിഞ്ഞ് 1.00 മണിക്ക് ക്ഷേത്ര നട അടക്കും .
വൈകുന്നേരം 5.00 മണിക്ക് ആണ് പിന്നീട് നട തുറക്കുക.
5.15 ന് ക്ഷേത്ര സന്നിധിയിൽ നിന്ന് ശരംകുത്തിയിലേക്ക് തിരുവാഭരണം സ്വീകരിക്കാനുള്ള പുറപ്പാട്
6.30 ന് പൊന്നമ്പലവാസന് തിരുവാഭരണം ചാർത്തി മഹാദീപാരാധന.
6.45 ന് പൊന്നമ്പലമേട്ടിൽ മകരവിളക്ക്ദർശനം . തുടർന്ന് ആകാശത്ത് മകരജ്യോതി തെളിയും. വിളക്ക് ദർശനത്തിനുശേഷം ഭക്തർക്ക് തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പവിഗ്രഹ ദർശനം.
9.00 ന് അത്താഴപൂജ .
അത്താഴപൂജ പൂർത്തിയായതിനു ശേഷം മാളികപ്പുറത്തു നിന്നും പതിനെട്ടാംപടിയിലേക്കുള്ള എഴുന്നള്ളത്ത് നടക്കും.
രാത്രി 10.50ന് ഹരിവരാസന കീർത്തനം പാടി 11 മണിക്ക് തിരുനട അടക്കും.
ജനുവരി 15 മുതൽ 18 വരെ മാളികപ്പുറത്തു നിന്നും പതിനെട്ടാംപടിവരെ എഴുന്നള്ളത്ത് ഉണ്ടാകും.
എഴുന്നള്ളത്ത് ഉള്ള ദിവസങ്ങളിൽ ഒൻപത് മണിക്കായിരിക്കും അത്താഴപൂജ.
19ന് മാളികപ്പുറത്തു നിന്നും ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്ത് ആണ് നടക്കുക.
20ന് രാത്രി അയ്യപ്പസന്നിധിയിൽ ഹരിവരാസനം പാടി തിരുനട അടച്ചു കഴിഞ്ഞ് 10.00 മണിക്ക് മാളികപ്പുറത്ത് കളമെഴുത്തും പാട്ടും ഗുരുസിയും
നടക്കും.( അന്നേദിവസം അത്താഴപൂജ രാത്രി 8.30 ന് ആയിരിക്കും ).
ജനുവരി 15 മുതൽ 19 വരെ മണിമണ്ഡപത്തിൽ കളമെഴുത്തും പാട്ടും നടക്കും. അയ്യപ്പന്റെ 4 ഭാവത്തിലുള്ള രൂപങ്ങളാണ് ഓരോ ദിവസവും കളത്തിൽ വരക്കുക.ജനുവരി 17ന് പന്തളം കൊട്ടാര രാജപ്രതിനിധി ഉത്രം തിരുനാൾ പ്രദീപ് കുമാർ വർമ്മയുടെ സാന്നിദ്ധ്യത്തിൽ കളമെഴുതി പൂജ നടത്തും.

നെയ്യഭിഷേകം 19 വരെ മാത്രം
നെയ്യഭിഷേകം ജനുവരി 19 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ .
ഭക്തർക്ക് ജനുവരി 20 വരെ മാത്രമേ അയ്യപ്പദർശനം ഉണ്ടാകൂ.
16 മുതൽ 20 വരെ പടിപൂജയും ഉദയാസ്തമന പൂജയും ഉണ്ടാകും.
15 മുതൽ 18 വരെ മാത്രം ഭക്തർക്ക് തിരുവാഭരണ വിഭൂഷിതനായ അയ്യപ്പന്റെ തങ്കവിഗ്രഹം ദർശിച്ച് സായൂജ്യമടയാം.

21ന് രാവിലെ 6 മണിക്ക് പന്തളം രാജകൊട്ടാര പ്രതിനിധി അയ്യപ്പനെ ദർശിച്ച് കഴിഞ്ഞ ഉടനെ 6.30 ഓടെ പൊന്നമ്പലത്തിൻ ശ്രീ കോവിൽ നട അടക്കും.

**(പി.ആർ. ശബരി-338)**


